## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 1798*

*10 / 03 / 2020 -ൽ*
*മറുപടി നൽകേണ്ടിയിരുന്നത്*

## ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം

**ചോദ്യം**

**ശ്രീ. ജോൺ ഫെർണാണ്ടസ്**

(എ) കൊച്ചി നഗരത്തിലെ കനാലുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിക്കായി എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) പുനരധിവസിപ്പിക്കേണ്ടതായ കുടുംബങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ), (ബി), (സി) & (ഡി)

ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജല ഗതാഗത പദ്ധതിക്കായി മാറ്റി പാർപ്പിക്കേണ്ടി വരുന്ന കുടുംബങ്ങൾ എത്രയെന്നു കണ്ടെത്തുവാനുള്ള സാമൂഹികാഘാത പഠനം നടന്നു വരികയാണ് . ടി പഠനം നടത്തുന്നതിനായി കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് , കോട്ടയം എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ പുനരധിവസിപ്പിക്കേണ്ടതായ കുടുംബങ്ങളുടെ വിശദാംശങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ. പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി ഭവനം ഫൗണ്ടേഷൻ കേരള എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് .

ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആന്റ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന സമഗ്ര ജലഗതാഗത പദ്ധതിയുടെ നടത്തിപ്പിനായി കിഫ്ബിയും തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവകുപ്പും കൊച്ചി മെട്രോ റെയിലും തമ്മിൽ കരാർ ഒപ്പു വെച്ചിട്ടുണ്ട് .

പുനരധിവാസ പദ്ധതിക്കായി സ്ഥലം കണ്ടെത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു . ടി പദ്ധതിയുടെ ജനറൽ

കൺസൾട്ടന്റായി നെതർലാന്റ് ആസ്ഥാന മായി പ്രവർത്തിക്കുന്ന ആന്റി നെതർലാന്റ് കമ്പനിയെ നിയമിച്ചിട്ടുണ്ട്. പുതുക്കിയ വിശദ മായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികളും മറ്റ് അനുബന്ധ പഠനങ്ങളും , സർവ്വെയും പുരോഗമിക്കുന്നു . LiDAR Survey Agency-യെ സർവ്വെ ജോലികൾക്കായും പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി WAPCOS-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുബന്ധ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു .

**സെക്ഷൻ ഓഫീസർ**